| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| ഇരുപത്തിരണ്ടാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 8 | | 12/01/2021 ൽ മറുപടിക്ക് | |
| **മുൻസർക്കാരിന്റെ പ്രവർത്തനം സംബന്ധിച്ച കേസുകൾ** | | | |
| ചോദ്യം | | മറുപടി | |
| ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. ജോർജ്. എം. തോമസ്<br>ശ്രീ. വി. കെ. പ്രശാന്ത് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻസർക്കാരിലെ (2011 - 16) ഏതെല്ലാം മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു; ആ കേസുകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | മുൻ മുഖ്യമന്ത്രി, ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ് തുടങ്ങിയവർ ഉൾപ്പെട്ട ട്രാവൻകൂർ ടൈറ്റാനിയം അഴിമതി കേസ് അന്വേഷണം ഏറ്റെടുക്കാൻ സി.ബി.ഐ തയ്യാറായിട്ടുണ്ടോ; അന്താരാഷ്ട്ര ബന്ധമുള്ള കേസ് ഏറ്റെടുക്കാത്തതിന് ആധാരമായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ; | (ബി) | ട്രാവൻകൂർ ടൈറ്റാനിയത്തിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുമായി ബന്ധപ്പെട്ട അഴിമതി ആരോപണത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത വി.സി 1/2015/എസ്.ഐ.യു I കേസിന്റെ അന്വേഷണം ഏറ്റെടുക്കാൻ സി. ബി. ഐ യ്ക്ക് ആവില്ലെന്ന് കേന്ദ്ര പേഴ്സണൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേസ് ഏറ്റെടുക്കാത്തതിന് പറഞ്ഞിട്ടുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.<br>1) ആരോപണ വിധേയമായ സംഭവം നടന്നത് 20 വർഷം മുമ്പ് 2000-01 ൽ ആയതിനാൽ മെഷിനറി സപ്ലൈ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ വിദേശ കമ്പനികളായ Chematur Eco Planning, Finland, M/s AVI Europe എന്നീ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിക്കുവാൻ പ്രയാസമായിരിക്കും.<br>2) MECON കമ്പനിയുമായി ബന്ധപ്പെട്ട ഭൂരിപക്ഷം സാക്ഷികളും ഇപ്പോൾ റിട്ടയർ ചെയ്യുകയോ കമ്പനി വിടുകയോ ചെയ്തിട്ടുള്ളതിനാൽ അവരെ കണ്ടുപിടിച്ച് മൊഴി രേഖപ്പെടുത്തുക പ്രയാസമാണ്.<br>3) സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കാനും പ്രസ്തുത കോൺട്രാക്റ്റ് മേക്കോൺ കമ്പനിക്ക് നൽകുന്നതിനുമുള്ള തീരുമാനമെടുത്തത് ഡയറക്ടർ ബോർഡാണ്. ആയതിനാൽ അതിന്റെ ഉത്തരവാദിത്വം നിശ്ചയിക്കുന്നത് പ്രയാസമായിരിക്കും. കൂടാതെ ഡയറക്ടർമാർ റിട്ടയർ ചെയ്തിട്ടുമുണ്ടാകും.<br>4) സംസ്ഥാന വിജിലൻസ് നടത്തിയ അന്വേഷണത്തിൽ മതിയായ രേഖകൾ ശേഖരിച്ചിട്ടില്ല, ഈ കേസിൽ വിദേശ |

| | | | |
|---|---|---|---|
| | | | കമ്പനികളുമായി ധാരണ ഉറപ്പിച്ച മുഖ്യ സൂത്രധാരനായ ആളിന്റെ മേൽവിലാസമോ മറ്റ് വിവരങ്ങളോ കണ്ടെത്താൻ സംസ്ഥാന വിജിലൻസിന് കഴിഞ്ഞിട്ടില്ല. ഇവയൊന്നുംതന്നെ അന്വേഷണം ഏറ്റെടുക്കാതിരിക്കാൻ മതിയായ കാരണങ്ങളാവുന്നില്ല. |
| (സി) | സോളാർ അഴിമതി അന്വേഷിച്ച കമ്മീഷൻ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ തുടർനടപടിയെടുക്കുമോ; | (സി) | സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിലെ കണ്ടെത്തലുകളും ശിപാർശകളും പൊതുവിൽ അംഗീകരിച്ചുകൊണ്ടും തുടർനടപടികൾ സ്വീകരിച്ചുകൊണ്ടും 08-11-2017 ലെ സ.ഉ.(കൈ) നം.231/2017/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | മുൻസർക്കാരിന്റെ കാലത്തെ പാലാരിവട്ടം പാലം അഴിമതി സംബന്ധിച്ച കേസിൽ ആരെല്ലാം അറസ്റ്റിലായിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഡി) | പാലാരിവട്ടം പാലം അഴിമതി സംബന്ധിച്ച് രജിസ്റ്റർ ചെയ്ത വി.സി.01/2019/ഇ.കെ.എം കേസിൽ കുറ്റാരോപിതരായ ശ്രീ. സുമിത്ത് ഗോയൽ (മാനേജിംഗ് ഡയറക്ടർ, ആർ.ഡി.എസ് പ്രോജെക്ട്സ് ലിമിറ്റഡ്), ശ്രീ. ടി. തങ്കച്ചൻ (മുൻ അഡീഷണൽ ജനറൽ മാനേജർ, ആർ.ബി.ഡി.സി.കെ), ശ്രീ. ബെന്നി പോൾ (ജോയിന്റ് ജനറൽ മാനേജർ, കിറ്റ്കോ), ശ്രീ. ടി. ഒ. സൂരജ്, (മുൻ പൊതുമരാമത്ത് സെക്രട്ടറി), ശ്രീ. ബി. വി. നാഗേഷ് (മാനേജിംഗ് പാർട്ണർ, നാഗേഷ് കൺസൾറ്റൻസി, ബാഗ്ലൂർ), ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (മുൻ പൊതുമരാമത്ത് മന്ത്രി) എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഇ) | ഇത്തരം അഴിമതികൾ വെളിപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ മുൻസർക്കാരിന്റെ അവസാനകാലത്ത് എടുത്ത നടപടികൾ അഴിമതിപൂർണമായിരുന്നെന്ന ആരോപണം അന്വേഷിക്കുന്ന കാര്യം പരിശോധിക്കുമോ? | (ഇ) | ശ്രദ്ധയിൽ വന്നിട്ടുള്ളവ പരിശോധിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | കേസ് | കുറ്റാരോപിതൻ | കുറ്റകൃത്യം | തൽസ്ഥിതി |
|---|---|---|---|---|
| 1. | വി.സി 17/2016/എസ്.സി.ഇ | മുൻ എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു | അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് | ബഹു. വിജിലൻസ് കോടതി മൂവാറ്റുപുഴ മുൻപാകെ കുറ്റപത്രം സമർപ്പിച്ച് CC2/18 ആയി വിചാരണയിലാണ്. |
| 2.. | വി.സി 5/2016/സി.ആർ.ഇ | മുൻ എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു | 2011 - 16 കാലഘട്ടത്തിൽ അന്യായമായി ബാർ ലൈസൻസുകൾ അനുവദിച്ചത് സംബന്ധിച്ച് | അന്തിമ റിപ്പോർട്ട് ബഹു. വിജിലൻസ് കോടതി മുൻപാകെ 24/06/2020 ൽ സമർപ്പിച്ചിട്ടുണ്ട് |
| 3. | വി.സി. 03/2017/എസ്.ഐ.യു.-I | ശ്രീ. ഉമ്മൻ ചാണ്ടി, മുൻ കേരള മുഖ്യമന്ത്രി | പാറ്റൂർ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച് | ബഹു.കേരളാ ഹൈക്കോടതിയുടെ 09/02/2018 ലെ WP(C)36735/18 നമ്പർ ഉത്തരവ് പ്രകാരം ഈ കേസിന്റെ തുടർനടപടികൾ റദ്ദുചെയ്തിട്ടുണ്ട്. തിരുവനന്തപുരം ബഹു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതി 06/03/2018 ൽ കേസിൽ തുടർനടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്. |
| 4. | വി.സി 05/16/എസ്.ഐ.യു-II | 1.ശ്രീ. അടൂർ പ്രകാശ്, മുൻ റവന്യൂ വകുപ്പ് മന്ത്രി<br>2.ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, മുൻ വ്യവസായവകുപ്പ് മന്ത്രി | എറണാകുളത്തെ പുത്തൻ വേലിക്കര, തൃശ്ശൂരിലെ മട്ടത്തുംപടി എന്നീ വില്ലേജുകളിൽപ്പെട്ട 127 ഏക്കറോളം നെൽവയലുകൾ നികത്തി ഐ. റ്റി പാർക്ക് നിർമ്മിക്കുന്നതിന് അനുമതി നൽകിയതുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ച് | കേസ് അന്വേഷണഘട്ടത്തിലാണ് |
| 5. | വി.സി 06/12/ഇ.ആർ.കെ | ശ്രീ. പി .ജെ. ജോസഫ്, മുൻ ജലസേചനവകുപ്പ് മന്ത്രി | ഇടുക്കി ജില്ലയിലെ നാട്ടുകാണി ഗാന്ധിജി സ്റ്റഡി സെന്ററിലെ കിഴക്കുഭാഗം 7 സെന്റ് സർക്കാർ വനഭൂമി അനധികൃതമായി കൈയേറിയത് സംബന്ധിച്ച്. | അന്വേഷണം പൂർത്തിയായി 19/03/2015 - ൽ ബഹു. കോടതിയിൽ സമർപ്പിച്ച അന്തിമറിപ്പോർട്ട് 18/05/2017 ൽ കോടതി അംഗീകരിച്ച് തുടർനടപടികൾ അവസാനിപ്പിച്ചു. |
| 6. | വി.സി. 07/13/ടി.എസ്.ആർ | ശ്രീ. പി. ജെ. ജോസഫ് മുൻ ജലസേചന വകുപ്പ മന്ത്രി. | അനധികൃത വാട്ടർ കണക്ഷൻ നൽകിയതു സംബന്ധിച്ച് | 31/12/13-ൽ ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ച അന്തിമ റിപ്പോർട്ട് 30/12/16-ൽ കോടതി അംഗീകരിച്ച് തുടർ നടപടി അവസാനിപ്പിച്ചു. |

| | | | | |
|---|---|---|---|---|
| 7. | വി.സി. 03/17/ഐ.ഡി.കെ | മുൻ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ശ്രീ .അനൂപ് ജേക്കബ് | റേഷൻ വ്യാപാരി ശ്രീ. സെയ്ദ് മുഹമ്മദിനെ സംരക്ഷിച്ചുകൊണ്ട് ഒന്നാം കുറ്റാരോപിതൻ തൊടുപുഴ താലൂക്ക് സപ്ലൈ ഓഫീസർ ശ്രീ. ടി. എസ്. സുരേന്ദ്രബാബു രണ്ടാം കുറ്റാരോപിതൻ ശ്രീ. അനൂപ് ജേക്കബ് എന്നിവർ തങ്ങളുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു. | ബഹു. ഹൈക്കോടതി അന്വേഷണം റദ്ദ ചെയ്തു. അന്തിമറിപ്പോർട്ട് ബഹു. മൂവാറ്റുപുഴ വിജിലൻസ് കോടതി മുമ്പാകെ 28/12/2018 തീയതിയിൽ സമർപ്പിച്ചിട്ടുണ്ട്. അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല. |
| 8. | വി.സി 06/17/ടി.എസ്.ആർ | മുൻ കൃഷിവകുപ്പ് മന്ത്രി ശ്രീ. കെ. പി. മോഹനൻ | Compulsory notification of vacancies Act ഉം കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിന്റെ 9(എ)(1) വകുപ്പും ലംഘിച്ച് കേരള ഫീഡ്സ് ലിമിറ്റഡ് ഇരിങ്ങാലക്കുടയിൽ 12 ഫീൽഡ് അസിസ്റ്റന്റുമാരെ നിയമിച്ചു. | പ്രഥമ വിവര റിപ്പോർട്ട് ബഹു. ഹൈക്കോടതി 12/01/2018 ൽ റദ്ദ ചെയ്തിട്ടുണ്ട്. |
| 9. | വി.സി. 01/19/ഇ.കെ.എം | മുൻ പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ.ഇബ്രാഹിം കുഞ്ഞ് | പാലാരിവട്ടം പാലം നിർമ്മാണ അഴിമതി | അന്വേഷണം പുരോഗമിച്ചു വരുന്നു. |
| 10. | വി.സി. 02/2020/എസ്.സി.റ്റി | മുൻ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ.വി.എസ്. ശിവകുമാർ | അനധികൃത സ്വത്ത് സമ്പാദ്യം | അന്വേഷണം പുരോഗമിച്ചു വരുന്നു. |

മുൻ മന്ത്രിമാരായ ശ്രീ. സി. എൻ. ബാലകൃഷ്ണൻ, ശ്രീ. കെ. എം. മാണി എന്നിവർ മരണപ്പെട്ടതിനാൽ അവർക്കെതിരായ വിജിലൻസ് കേസുകളുടെ വിശദാംശങ്ങൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ